പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3062 — 13.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് മെഷീനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള<br>" വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുടിശ്ശിക പണം നൽകാത്തതിനാൽ കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് മെഷീനുകൾ കരാറുകാരായ കമ്പനി ഓഫാക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>Annual Maintenance Contract (AMC) നൽകിയവകയിൽ 09.04.2017 മുതലുള്ള തുക നൽകാത്തതിന്റെ അടിസ്ഥാനത്തിൽ 20.02.2018 അർദ്ധരാത്രി ഇ.ടി.എമ്മുകളുടെ വാറണ്ടി കഴിഞ്ഞ ഡിപ്പോകളിലെ സെവർവറുകൾ നിലവിലെ ഇ.ടി.എം ദാതാവായ കമ്പനി ഓഫ് ചെയ്യുകയുണ്ടായി. |
| (ബി) | ഏതെല്ലാം ഡിപ്പോകളിലെ ടിക്കറ്റ് മെഷീൻകളാണ് ഇങ്ങനെ നിലച്ചത്; ഇതുവഴി സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതുവഴി കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നഷ്ടം എത്രയാണ്; | (ബി) | തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി, ആറ്റിങ്ങൽ, കൊട്ടാരക്കര, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം എന്നീ ഡിപ്പോകളിലെ ഇ.ടി.എം സെർവ്വറുകളാണ് നിലച്ചത്. മാനുവൽ റാക്കുകൾ നൽകി സർവ്വീസുകൾ അയച്ചതിനാൽ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | സർവ്വർ പുനഃസ്ഥാപിക്കുന്നതിന് മാനേജ്മെന്റ് ഇടപെട്ട് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | 21.02.2018 രാവിലെ 10.00 മണിയോടുകൂടി തന്നെ തുക നൽകുന്നതിനുള്ള നടപടികൾ ചെയ്യുകയും തുടർന്ന് നിലവിലെ ഇ.ടി.എം ദാതാവായ കമ്പനി സെർവ്വറുകൾ പുനഃസ്ഥാപിക്കുകയും ചെയ്തു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**